പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2459

9.7.2015 ൽ
മറുപടിയ്ക്ക്

## സ്വയംഭരണ കോളേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ എത്ര സ്വയംഭരണ കോളേജുകൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ഒരു സർക്കാർ കോളേജിനും 10 എയ്ഡഡ് കോളേജുകൾക്കുമാണ് യു.ജി.സി സ്വയംഭരണാവകാശം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>__തിരുവനന്തപുരം__<br>മാർ ഇവാനിയോസ് കോളേജ്<br><br>__കൊല്ലം__<br>ഫാത്തിമ മാതാ നാഷണൽ കോളേജ്<br><br>__കോട്ടയം__<br>സെന്റ് ബെർക്ക്മാൻസ് കോളേജ്,ചങ്ങനാശ്ശേരി<br><br>__എറണാകുളം__<br>1.മഹാരാജാസ് കോളേജ്,എറണാകുളം.<br>2.സെന്റ് തെരേസാസ് കോളേജ്,എറണാകുളം.<br>3.സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം<br>4.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്.എറണാകുളം.<br><br>__തൃശ്ശൂർ__<br>സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.<br><br>__മലപ്പുറം__<br>എം.ഇ.എസ് കോളേജ്, മാമ്പാട് |

കോഴിക്കോട്
1.ഫറോക്ക് കോളേജ്
2.സെന്റ് ജോസഫസ് കോളേജ്, ദേവഗിരി

(ബി) സ്വയംഭരണ കോളേജുകൾ അനുവദിക്കുകവഴി ലക്ഷ്യമിടുന്നത് എന്താണ് ; ഇതുകൊണ്ട് സർക്കാരിനും സമൂഹത്തിനും എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കുക;

(ബി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. സ്വയംഭരണപദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

(സി) സ്വയംഭരണ കോളേജുകളിലെ വിദ്യർത്ഥികളുടെ പ്രവേശനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളതെന്നറിയിക്കുമോ ?

(സി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നിലനിൽക്കുന്ന അതേ മാനദണ്ഡങ്ങൾ തന്നെയാണ് സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരിഗണിക്കുന്നത്.

Sallyn

സെക്ഷൻ ഓഫീസർ